**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 29/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
ഈ വർഷത്തെ ഗർബ്ബോ ഞായറാഴ്ച ഫെബ്രുവരി 26-ാം തീയതിയാണല്ലോ. അന്നേ ദിവസം ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും, പ്രത്യേകിച്ച് സഭ വകയായി അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കുമായി നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അതിലെ പ്രവർത്തകർക്കു വേണ്ടിയും പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നേ ദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും ചേർത്ത് The Director, St. Gregorios Balagram, Yacharam P.O, (via) Ibrahim Pattanam, R. R. District, Thelungana എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

സുവിശേഷ ദൗത്യം സഭയുടെ പ്രധാന ഘടകമാണല്ലോ. അത് അർത്ഥപൂർണ്ണമായി നിർവ്വഹിക്കുന്നതിന് സഭ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് കുഷ്ഠരോഗികളുടെ കുട്ടികൾക്കായി നടത്തപ്പെടുന്ന തെലുങ്കാനയിലെ യാച്ചാരം, പൂനയിലെ ദേഹുറോഡ്, ബാംഗ്ലൂരിലെ കുണികൽ തുടങ്ങിയ സ്ഥലങ്ങളിലെ ബാലഗ്രാമുകൾ ഈ ദൗത്യം ഉത്സാഹപൂർവ്വം ഏറ്റെടുത്ത് പ്രവർത്തിക്കുന്നു. യാച്ചാരം ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ നൂറിലധികം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസ്സ് മുതൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് തുടങ്ങിയ തലങ്ങളിൽവരെ പഠിക്കുന്നു. പഠനശേഷം വിവിധ നിലകളിൽ വിദേശത്തും സ്വദേശത്തുമായി അവർ ജോലി ചെയ്യുന്നു. ബാലഗ്രാമിനോടു ചേർന്ന് കണ്ണാശുപത്രിയും വൃദ്ധമന്ദിരവും വളരെ ഭംഗിയായി പ്രവർത്തിക്കുന്നു എന്നുള്ളത് സമീപ ഗ്രാമവാസികൾക്ക് ഒരനുഗ്രഹമാണ്. കുഞ്ഞുങ്ങളുടെ പഠനത്തിനായി ആരംഭിച്ച സ്കൂളും അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി പരിലസിക്കുന്നതിന് ഈ സ്ഥാപനങ്ങൾ കൂടുതൽ വളരുകയും വികസിക്കുകയും ചെയ്യട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2023 ജനുവരി മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent,**
**Beginningless and Endless, Perfect in Being, (Glory be to Him)**
**Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 29/2023**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,
The Garbo Sunday (Sunday of the Leper) this year falls on 26th February. Special prayers shall be offered on this day for all lepers and Aids Patients across the world, for the institutions run by the Church for these patients and their children, for the dedicated workers in these institutions and their selfless service. The offertory on the day along with special contribution from the parish shall be sent to the Director St.Gregorious Balagram, Yacharam P. O, (via) Ibrahim Pattanam, R.R. District, Telangana.

Mission is an integral part of the Church. The Church sincerely strives to carry it out in a meaningful way. Specially mentionable are the services of the Balagrams at Yacharam, Telangana, Dehu Road, Pune and Kunigal, Bangalore which are the care homes for the children of lepers. In Yacharam, Balagram alone more than hundred children of the lepers pursue their studies from class I to professional courses like Engineering and MBBS. Many of these are now employed in India and abroad after completing their studies successfully. The eye hospital and the Old age home functioning adjacent to the Balagram are really a great blessing for the people in the neighbouring villages. The School which was started for the education of these children also fares well. Let us all pray that these institutions be scaled heights so as to shine as the light houses of our Christian witness.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and of all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On January 16, 2023.